# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. (പി.കെ.ഡി )പി 25/944/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 24/08/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ). (പി.കെ.ഡി )പി 25/944/24 തീയ്യതി: 24/08/2024

## പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2023 മുതൽ 19-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2024 | 29-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2024 | 29-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിഷ ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കന്തസ്വാമി ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഒ നാരായണൻകുട്ടി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. ശ്രീദേവി അമ്മ പി | സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീമതി. മിനി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2023 | 07-10-2023 |
| ശ്രീ. ജോസ് ഷിനോയി | സെക്രട്ടറി | 08-10-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മായ എൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീമതി. മിനി സി | അസിസ്റ്റന്റ് സെക്രട്ടറി | 05-07-2023 | 31-03-2024 |
| ഡോ. അനീഷ് സേതുമാധവൻ | മെഡിക്കൽ ഓഫീസർ - പി എച്ച് സി | 01-04-2023 | 17-10-2023 |
| ഡോ. ജിതിൻ എൻ വി | മെഡിക്കൽ ഓഫീസർ - പി എച്ച് സി | 18-10-2023 | 31-03-2024 |
| ശ്രീ. അജീഷ്കുമാർ പി ആർ | വി ഇ ഒ | 01-04-2023 | 20-09-2023 |
| ശ്രീ. ശരവണൻ | വി ഇ ഒ | 21-09-2023 | 18-12-2023 |
| ശ്രീമതി. അനുഷ ജെ | വി ഇ ഒ | 19-12-2023 | 31-03-2024 |
| ശ്രീമതി. റോസ്മിൻ ജോയ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-07-2023 |
| ശ്രീമതി. സിനിമോൾ കെ ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2023 | 07-11-2023 |
| ശ്രീമതി. അന്ന ഫീനിക്സ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-11-2023 | 31-03-2024 |
| ശ്രീ. അനീഷ് നാരായണൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. സച്ചിൻ പി എസ് | കൃഷി ഓഫീസർ | 01-04-2023 | 11-05-2023 |
| ശ്രീമതി. അർച്ചന | കൃഷി ഓഫീസർ | 12-05-2023 | 05-06-2023 |
| ശ്രീമതി. അനിറ്റ ബെന്നി | കൃഷി ഓഫീസർ | 06-06-2023 | 31-03-2024 |
| ഡോ. അപർണ വി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. വനജ പി | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2023 | 11-07-2023 |
| ഡോ. കെ ശോഭ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 12-07-2023 | 31-03-2024 |
| ശ്രീ. മുഹമ്മദ് റാഫത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. ദേവദാസ് സി ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഗുണഭോക്തൃ വിഹിതം മിസലേനിയസ് വരവിലേയ്ക്ക് മാറ്റിയിരിക്കുന്നു | 1-1-3 |
| 5 | Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | പി എച്ച് സി സബ് സെന്ററുകൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 16 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 17 | ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല | 1-13 |
| 18 | കൃഷി ഭവനിലേക്ക് മേശ, കസേരകമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ | 1-14 |
| 19 | പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്നു. | 1-15 |
| 20 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ് സിസ്റ്റം | 1-16 |
| 21 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 22 | എസ്.എസ്.എ.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 23 | കോഴിയോട് അംഗനവാടി കെട്ടിട നിർമ്മാണം-തുക വിനിയോഗിക്കാതെ കിടക്കുന്നു | 1-19 |
| 24 | കുടുംബശ്രീ ഹെൽപ് ഡെസ്ക് പവർത്തനക്ഷമമാക്കൽ-കമ്പ്യൂട്ടർ ,പ്രിന്റർ ലഭ്യമായില്ല | 1-20 |
| 25 | സുലഖാ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃ വിഹിതം ഉൾകൊള്ളിച്ചിട്ടില്ല | 1-21 |
| 26 | ഭവന പുനരുദ്ധാരണ പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-22 |
| 27 | വനിതകൾക്ക് പശു വളർത്തൽ പദ്ധതി -സബ്സിഡി മാർഗരേഖ പാലിച്ചിട്ടില്ല | 1-23 |
| 28 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി. | 1-24 |
| 29 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ചെയ്തിരിക്കുന്നു. | 1-25 |
| 30 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-26 |
| 31 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്കരണം | 1-27 |

| | | |
|---|---|---|
| | ഹരിത കർമ്മസേനയിലൂടെ' - അവലോകനം | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ-സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എ)ഫ്)

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച്. 03.05.2024 തീയതിയിലെ 2(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 24.08.2024

ഡെപ്യൂട്ടി ഡയറക്ടർ

**<u>1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല</u>**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1169768/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4696672/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത്

സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 ഗുണഭോക്തൃ വിഹിതം മിസലേനിയസ് വരവിലേയ്ക്ക് മാറ്റിയിരിക്കുന്നു**

മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (B-4) പ്രകാരം ഗുണഭോക്തൃ വിഹിതമായി 340772 രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതമായി 1415750 രൂപ (RP-30) വരവും 1466922 രൂപ (I-6) ചെലവും മിസലേനിയസ് റസീപ്റ്റായി 269850 രൂപ (I-9) വകമാറ്റുകയും 18750 രൂപ (B-4) നീക്കിയിരിപ്പുമുണ്ട്.

ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകാതെ മിസലേനിയസ് വരവിലേയ്ക്ക് മാറ്റുവാനുള്ള കാരണം വ്യക്തമല്ല.

**1-1-4 Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18 & I-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31.03.2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income-Property Tax | 1076 |
| 190100102-Prior Period Income-Profession Tax-Institutions | 11150 |
| 190200401-Prior Period Income- Other Income | 131898 |
| 190200201-Prior Period Income – License Fees | 1600 |
| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)<br>290800701 - Prior Period Expenses - Miscellaneous Expenses | 21000 |

**1-2 ബജറ്റ്**

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
30.03.2023ന് ചേർന്ന യോഗത്തിലെ തീരുമാനം 2(1) പ്രകാരം ബജറ്റ് അംഗീകരിച്ചിടുണ്ട്. 13.02.2024ന് ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 610186 |
| തൻവർഷം വരവ് | 215479438 |
| ആകെ വരവ് | 216089624 |
| ചെലവ് | 214616422 |
| നീക്കിയിരിപ്പ് | 1473202 |

**1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പകാരം)**

| | |
|---|---|
| മുന്നിരിപ്പ് | ₹9923232 |
| വരവ് | ₹30181682 |
| ആകെ | ₹40104914 |
| ചെലവ് | ₹31351450 |

| നീക്കിയിരിപ്പ് | ₹8753464 |
|---|---|

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 20666000 | 20666000 | 19188381 | 1477619 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 5543000 | 5543000 | 5543000 | 0 |
| വികസന ഫണ്ട് - ടിഎസ്.പി | 0 | 595000 | 595000 | 393299 | 201701 |
| മെയ്ന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 9450000 | 9450000 | 8003171 | 1446829 |
| മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 3568000 | 3568000 | 3567374 | 626 |
| ആകെ | 0 | 39822000 | 39822000 | 36695225 | 3126775 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സി.എഫ്.സി-അൺ ടൈഡ് ഗ്രാന്റ് | 1192866 | 3578359 | 4771225 | 3672129 | 1099096 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ് | 3634608 | 2566500 | 6201108 | 4653052 | 1548056 |
| ആയുർവ്വേദം ഹെൽത്ത് ഗ്രാന്റ് | 450000 | 0 | 450000 | 434060 | 15940 |
| Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 239640 | 776938 | 1016578 | 141434 | 875144 |
| Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 111570 | 335992 | 447562 | 27740 | 419822 |
| Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 5073 | 0 | 5073 | 0 | 5073 |
| Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 45816 | 0 | 45816 | 0 | 45816 |
| Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 40747 | 0 | 40747 | 30000 | 10747 |
| Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats | 51859 | 0 | 51859 | 0 | 51859 |

| | | | | | |
|---|---|---|---|---|---|
| Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 344231 | 0 | 344231 | 0 | 344231 |
| Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 0 | 122790 | 122790 | 0 | 122790 |
| ഗുണഭോക്തൃ വിഹിതം | 340772 | 1415750 | 1756522 | | 18750 |

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 683840 | 1440284 | 2124124 | 953452 | 1170672 |

2. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 43197 | 220352 | 263549 | 231711 | 31838 |
| സമ്പൂർണ്ണ ശുചിത്വം | 492493 | 0 | 492493 | 492493 | 0 |
| സാക്ഷരതാ മിഷൻ | 0 | 8938 | 8938 | 8938 | 0 |

3. തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 688 | 307502 | 308190 | 307196 | 994 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 46295614 | 46295614 | 46295614 | 0 |
| ആകെ | 688 | 46603116 | 46603804 | 46602810 | 994 |

**1-5 പദ്ധതി അവലോകനം**

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 233 | 152441448 | 163 | 54008482 | 70 | 70 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 4130625 | 15 | 3473757 | 84 |
| വെറ്റിനറി സർജൻ | 6 | 2878950 | 6 | 2471241 | 85.84 |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 11 | 3656447 | 8 | 1917183 | 52.43 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 7 | 1505000 | 7 | 1482501 | 98.5 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 240000 | 1 | 94467 | 39.36 |
| വി.ഇ.ഒ | 20 | 81862781 | 17 | 14131375 | 17.26 |
| ICDS സൂപ്പർ വൈസർ | 11 | 8903893 | 7 | 3253933 | 36.55 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1454020 | 2 | 985500 | 67.78 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 52 | 9154927 | 32 | 8349165 | 91.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 37962627 | 63 | 17293677 | 45.55 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 692178 | 5 | 555683 | 80.28 |
| ആകെ | 233 | 152441448 | 163 | 54008482 | 35.42 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 688 | 307502 | 308190 | 307196 | 994 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 46295614 | 46295614 | 46295614 | 0 |
| ആകെ | 688 | 46603116 | 46603804 | 46602810 | 994 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1356800 | 119 |
| 2 | വാർദ്ധക്യകാല പെൻഷൻ | 23012800 | 2169 |
| 3 | വികലാംഗ പെൻഷൻ | 2411700 | 220 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 364200 | 33 |
| 5 | വിധവാ പെൻഷൻ | 10360800 | 956 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.2024 തീയതിയിൽ 12.30 PM ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5328/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 35.42 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിലുള്ള ₹3126775 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2023 | നവംബർ ഡിസംബർ 2022 | 15.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2014 | 2010-11 വർഷം സപ്ളിമെന്ററി ഓഡിറ്റ് | 28.03.2014 |

## 1-11 പി എച്ച് സി സബ് സെന്ററുകൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 159/24, പി എച്ച് സി സബ് സെന്ററുകൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ |
| അടങ്കൽ | 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | വൗച്ചർ നം. XVFC/2023-24/ P/35/16.03.2024 - 96552 രൂപ |
| കെൽട്രോൺ പ്രൊഫോർമ ഇൻവോയ്സ് നം. | TVM/ITBG/PI/RC/53013/23-24 - 96552 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

പി എച്ച് സി സബ് സെന്ററുകൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ പദ്ധതി പ്രകാരം CPRCS പോർട്ടൽ മുഖേന 2 ലാപ്പ്ടോപ്പുകൾ (Laptop – Medium End – Window 11 Prof.) വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് (നം. TVM/ITBG/PI/RC/53013/23-24) പ്രകാരമുള്ള 96552 രൂപ ഇ-ഗ്രാമസ്വരാജ് പേർട്ടൽ വഴി 18.03.2023 ന് തച്ചമ്പാറ പി എച്ച് സിയുടെ എച്ച് എം സി അക്കൗണ്ടിലേക്ക് (നം. 57054684553, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കേരള സംസ്ഥാന ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായോ ലാപ്പ്ടോപ്പ് ലഭ്യമായതായോ കാണുന്നില്ല. ഇതുമൂലം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29.06.2024) ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പി എച്ച് സി സബ് സെന്ററുകൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്**

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. 16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അല്ലാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/25.06.2024) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | റെയ്ച്ചൽ ഷാജി, താന്നിയിൽ, മുണ്ടനാട് (ലൈഫ് ഐഡി നം. 857737) | 40000 | 360000 | 27.09.2018 | വീട് പണി പൂർത്തീകരിച്ചു സ്ഥലം ഉടമസ്ഥാവകാശ തർക്കത്തിലാണ്. |
| 2 | ഷൈനി ജോയ്, എടാട്ട്, ചീനിക്കപ്പാറ (ലൈഫ് ഐഡി നം. 752791) | 40000 | 360000 | 18.07.2018 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3 | ജമീല അബ്ദുൾ റസാക്ക്, കോല്ലോത്തും പടി, തീച്ചമ്പാറ (ലൈഫ് ഐഡി നം. 801855) | 40000 | 360000 | 21.08.2018 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 4 | ബദറുന്നീസ ഹസ്സൻ, കോല്ലോത്തും പടി, തീച്ചമ്പാറ (ലൈഫ് ഐഡി നം. 801889) | 145079 | 254921 | 24.03.2024 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | ഷിജി ഹരിദാസ്, അമ്പാട്ട് വീട്, ഇഞ്ചിക്കുന്ന് | 360000 | 40000 | 30.07.2019 | വീട് പണി പൂർത്തീകരിച്ചു. തുക നൽകുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 6 | ജുമൈല മുഹമ്മദലി, ഓട്ടുപാറ (ലൈഫ് ഐഡി നം. 751784) | 200000 | 200000 | 31.03.2021 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 7 | ആയിഷ മുഹമ്മദലി, ചിണ്ടമ്പറ്റ (ലൈഫ് ഐഡി നം. 862222) | 260000 | 140000 | 02.11.2019 | ഗുണഭോക്താവ് മരണപ്പെട്ടു. |
| 8 | ശോഭന രാമചന്ദ്രൻ, തൊഴുത്തിങ്കൽ, തച്ചമ്പാറ (ലൈഫ് ഐഡി നം. 889186) | 360000 | 40000 | 09.11.2020 | വീട് പണി പുരോഗമിക്കുന്നു. |
| 9 | ലീന ബിനോയ്, കുന്നേൽ, മുതുകുർശ്ശി (ലൈഫ് ഐഡി നം. 857499) | 360000 | 40000 | 17.03.2022 | വീട് പണി പുരോഗമിക്കുന്നു. |
| 10 | അമ്മിണി കൃഷ്ണൻ, തോട്ടാശ്ശേരി (ലൈഫ് ഐഡി നം. 799855) | 200000 | 200000 | 17.03.2022 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 11 | ദിവ്യ ശിവദാസൻ, ഉള്ളിക്കഞ്ചേരി, മുതുകുർശ്ശി (ലൈഫ് ഐഡി നം. 70184) SC | 122840 | 277160 | 30.03.2023 | വീട് പണി പുരോഗമിക്കുന്നു. |
| 12 | രാജേഷ്, മുരിങ്ങേനി, മുതുകുറുശ്ശി SC | 300000 | 100000 | 13.06.2024 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 13 | ശോഭന രാജൻ, ആക്കെചോല, തെക്കുംപുറം SC | 200000 | 200000 | 21.03.2023 | തുക തിരിച്ചടക്കാനുള്ള നോട്ടീസ് അയക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ലൈഫ് ഭവന പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടത്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല

സ.ഉ.(ആർ.ടി)നം.3218/18/ത.സ്വ.ഭ.വ തീയതി 21.12.2018 പ്രകാരം കരാർ ചമയ്ക്കുമ്പോൾ 40000 രൂപ, തറയുടെ പണി പൂർത്തിയാക്കുമ്പോൾ 160000 രൂപ, ലിന്റൽ വാർപ്പ് വരെ 100000 രൂപ, മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കുമ്പോൾ 100000 രൂപ എന്നിങ്ങനെയാണ് ഗഡുക്കൾ നൽകേണ്ടത്. എന്നാൽ വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചതിന്റെയും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമൂലം യഥാർത്ഥ ലൈഫ് ഗുണഭോക്താവിന്റെ പേരിൽ തന്നെയാണോ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. മാത്രമല്ല ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഇല്ലാത്തത് ഭവന പുനരുദ്ധാരണം പോലുള്ള ആനുകൂല്യങ്ങൾ പിന്നീട് ലഭിക്കുന്നതിന് തടസ്സവുമാണ്.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ജനറൽ | | | |
|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
| 1 | സഫിയ, W/O ഉമ്മർ, വെല്ലക്കാടൻ (ലൈഫ് ഐഡി നം. 707939) | 400000 | 01.03.2021 |
| 2 | ജെസ്സി ഫിലിപ്പ്, W/O ഫിലിപ്പ്, ഈരാച്ചേറിൽ | 400000 | 28.09.2019 |
| 3 | തങ്ക, ചെട്ടിപ്പള്ളിയാലിൽ, പായപ്പുല്ല് (ലൈഫ് ഐഡി നം. 908113) | 400000 | 17.03.2022 |
| എസ് സി | | | |
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
| 1 | രാധ സി, D/O തെയ്യൻ, ചേന്നംപാറ | 400000 | 24.03.2024 |
| 2 | ശാന്ത സി, W/O ശങ്കരൻ, ചെന്നംപാറ | 400000 | 01.12.2023 |
| 3 | കുഞ്ഞിമാളു എ, W/O അയ്യപ്പൻകുട്ടി, ചേന്നംപാറ | 400000 | 24.03.2024 |
| 4 | കുഞ്ഞൻ യു, S/O ശിവദാസൻ, മന്ദത്ത് പറമ്പ് | 400000 | 24.03.2024 |

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ നിന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നുള്ള ഓഡിറ്റ് എൻകായറിക്ക് (നം. 09/25.06.2024) മറുപടി നൽകിയിട്ടുണ്ട്.

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതും മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ ലൈഫ് പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

## 1-14 കൃഷി ഭവനിലേക്ക് മേശ, കസേരകമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 237/23-24<br>കൃഷി ഭവനിലേക്ക് മേശ, കസേര, കമ്പ്യൂട്ടർ വാങ്ങൽ |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 92360/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 92360/- |
| ബിൽ നം | 419/24.03.24 – 47,000/-<br>429/24.03.24 – 505/-<br>422/24.03.24 - 44855 |

മേൽ പ്രൊജക്റ്റ് പ്രകാരം കൃഷി ഭവനിലേക്ക് മേശ, കസേര, കമ്പ്യൂട്ടർ എന്നിവ വാങ്ങിയിട്ടുണ്ട് ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു

(എ) കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 44855/- രൂപ 24.03.24ന് കേരള സംസ്ഥാന ഐ.ടി മിഷന്റെ 799011400003959 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29.06.24) മറുപടിയായി സാമ്പത്തികവർഷം അവസാനമായതിനാൽ സാംഖ്യ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരാത്തതിനാൽ കെൽട്രോണിൽ വർക്ക് ഓർഡർ ജെനറേറ്റ് ചെയ്യാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>(ബി) കൃഷി ഓഫീസിലേക്ക് മേശ, കസേര വാങ്ങൽ</u>

കൃഷി ഭവനിലേക്ക് മേശ, കസേര എന്നിവ ക്വട്ടേഷൻ മുഖേന റോസ് വുഡ് ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 47,000/-രൂപ ചെലവു ചെയ്തു വാങ്ങിയിട്ടുണ്ട്. ജി.ഒ(പി)നം.7/19/ എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണ് (ടി വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) മേശ, കസേര വാങ്ങൽ എന്നിവ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. GeM മുഖേന വാങ്ങുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുമില്ല. ഓഡിറ്റ് എൻക്വയറി നം. (17/29.06.24) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധനങ്ങളും GeM പോർട്ടൽ മുഖേന സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-15 പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്നു.</u>

പ്രോജ : SO 179/24- ചെന്തെണ്ട് അംഗൻവാടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ റഫറൻസ് നം. 23210352020901102435 7/4-1-2024- Rs.99551/- |
| കരാർ നം., അളവു പുസ്തകം: | 02/AE/LSGD/TPA/PKD/ 12-6-2023<br>MB No. E.M Book |
| പി.എ.സി. | 84547 |
| കരാറുകാരൻ: | ഷിജു ജോർജ് |

അസി. എഞ്ചിനീയർ തൻവർഷം നിർവ്വഹണം നടത്തിയ താഴെസൂചിപ്പിക്കുന്ന പ്രോജക്ട് പൂർത്തീകരിച്ചു എങ്കിലും നിഷ്ഫലമായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

28-6-2024ന് നടത്തിയ പ്രാദേശിക പരിശോധനയിൽ അംഗൻവാടിയിൽ ടാങ്ക് നിർമിക്കുകയും പൈപ്പ് ലൈൻ പ്രവർത്തികൾ നടതതിയതായും കാണപ്പെട്ടു. എന്നാൽ മെയിൻ ടാങ്കിൽ നിന്ന് അംഗൻവാടിയിലെ ടാങ്കിലേക്ക് വെള്ളം എത്തുന്നില്ല. മെയിൻ ടാങ്കും ഉയരം അംഗൻവാടിയിലെ ടാങ്കിന്റെ ഉയരത്തിന് സമാനമായ അവസ്ഥയിൽ ആയതിനാലാണ് ഇപ്രകാരം സംഭവിച്ചത്. ആയതിനാൽ ടി പ്രോജക്ട് നിഷ്ഫലമായി നിൽക്കുന്നു.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/29-6-2024) ലഭ്യമാക്കിയ മറുപടിയിൽ അംഗൻവാടിയിലേക്ക് വെള്ളം എത്തിക്കുന്നതിനായി മെയിൻ ടാങ്കിൽ നിന്ന് അംഗൻവാടിയിലേക്കുള്ള പൈപ്പ് ലൈൻ ഒരു മോട്ടോർ ഘടിപ്പിച്ച് വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ട് 2024-25വർഷം (പ്രോജക്ട് നം. 154/25)ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് പൂർത്തിയാക്കി മുൻവർഷത്തെ പ്രോജക്ട് ഫലപ്രദമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-16 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം</u>

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് അടങ്കൽ-150000/-CFC

പ്രൊജക്ട് നം- 220/24

ചെലവ്-150000/-

ബിൽ നം , തുക

1) 321/06.03.2024-147458/-

2542/-(IT)
ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്ട് വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2023-24 വർഷം തച്ചമ്പാറ ഗ്രാമ പഞ്ചായത്തിൽ ഹരിതമിത്രംആപ്പ് എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

മേൽപറഞ്ഞ ബിൽ തുക കെൽട്രോണിന്റെ അക്കൗണ്ടിലേക്ക്(a/Cno-3301002100016241) കൈമാറിയിട്ടുണ്ട്. കെൽട്രോണുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ വച്ചിട്ടുണ്ട്.(കരാർ തിയ്യതി -18.09.23). 6 മാസത്തെ കെൽട്രോണിന്റെ സേവനം നൽകുന്നതിനും എസ്.എം.എസ്. ചാർജ് ഇനത്തിലുംആകെ 142900/- രൂപയും 7100/- QR കോഡ് പ്രിന്റിംങ് ചാർജ് ആയാണ് തുക നൽകിയിരിക്കുന്നത്. നിലവിൽ ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗതി വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട്, മൊബൈൽ ആപ്പ് പ്രവർത്തനം തുടങ്ങിയ വിവരം , ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ , ഓഫീസിലേക്ക് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കിയ വിവരം, QRകോഡ് എല്ലാ വാർഡുകളിലും സ്ഥാപിച്ച വിവരം, ഹരിത കർമ്മസേനക്ക് പരിശീലനം നൽകിയ വിവരം എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(ഓഡിറ്റ് എൻക്വയറി നം 2/22.06.24) നൽകുകയുണ്ടായി. മുഴുവൻ വീടുകൾക്കും ക്യൂ ആർ കോഡ് പതിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത മിത്രം ഗാർബേജ് പരിധിയിൽ ഉൾപ്പെടുത്തി അജൈവ മാലിന്യങ്ങളുടെ സംസ്കരണം നന്നായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട്- | 11/24- ഹോമിയോ ആശുപത്രി മരുന്നു വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000/-മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് തുക: | 100000/-<br>151/24.11.2023 |
| പ്രൊഫോർമ ഇൻവോയ്സ് നം | PF-584,06.10.23 |

പഞ്ചായത്തിലെ എൻ.എച്ച്.എം.ഹോമിയോഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനമായ ഹോംകോയിൽ നിന്ന് വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അതു പ്രകാരം തൻ വർഷം 1 ലക്ഷം രൂപ കേരളസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് -ഹോംകോയ്ക്ക് 24.11.23 ന് (A/C34306403911) നൽകിയിട്ടുണ്ട്. ഹോംകോയുടെ നമ്പർ 8196/27.12.2023 പ്രകാരം 1 ലക്ഷം രൂപ നൽകിയതിന്റെ രസീതി ലഭ്യമായിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതായി കാണുന്നു. മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയ്ക്ക് കത്തയച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി നം 3/24.06.24) മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഇൻവോയിസ് , ഫൈനൽ ബില്ല് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-18 എസ്.എസ്.എ.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 09/24 – എസ്.എസ്.എ.വിഹിതം നൽകൽ |
| അടങ്കൽ | 200000/- വികസനഫണ്ട് ജനറൽ |
| ചെലവ് | 200000/- വികസനഫണ്ട് ജനറൽ |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ പഠന, പഠനേതര പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനായി എസ് എസ് കെയുടെ അംഗീകരിച്ച

പഞ്ചായത്ത് വിദ്യാഭ്യാസ പ്ലാൻ പ്രകാരമുള്ള 200000 രൂപ മേൽ പദ്ധതികൾ പ്രകാരം ബ്ളോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ BRC അക്കൗണ്ടിലേക്ക് (നം. 0847101055498) മാറി നൽകിയിട്ടുണ്ട്.

എസ് എസ് കെയുടെ അംഗീകരിച്ച പഞ്ചായത്ത് വിദ്യാഭ്യാസ പ്ലാൻ പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടത്തിയിട്ടുള്ള തുടർ പ്രവർത്തനങ്ങളുടെ വിവരം, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിനായി ഗ്രാമപഞ്ചാത്തിൽ നിന്ന് കത്തയച്ചിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് വിവരം നല്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം 6/24.06.24)

## 1-19 കോഴിയോട് അംഗനവാടി കെട്ടിട നിർമ്മാണം-തുക വിനിയോഗിക്കാതെ കിടക്കുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കോഴിയോട് അംഗണവാടി കെട്ടിട നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ അവാർഡ് തുക വകയിരുത്തിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന അംഗനവാടി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 799011400000486അക്കൗണ്ട് നമ്പറിലേക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

പ്രൊജക്ട് നം 273/24 കോഴിയോട് അംഗനവാടി കെട്ടിടനിർമ്മാണം

അടങ്കൽ- 300000/- CFC

ചെലവ്- 300000/-

ബിൽ നം, തിയ്യതി- 316/02.03.24
സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കോഴിയോട് അംഗണവാടി കെട്ടിട നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ അവാർഡ് തുക വകയിരുത്തിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന അംഗനവാടി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 799011400000486അക്കൗണ്ട് നമ്പറിലേക്ക് 300000/- കൈമാറിയിട്ടുണ്ട്.

അംഗണവാടികെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നും കെട്ടിടനിർമ്മാണമെറ്റീരിയൽസിനുള്ള ടെണ്ടർ നടപടികൾ പൂർത്തികരിച്ച് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്ന മുറയ്ക്ക്മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയുള്ളു എന്നും ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറിനം 5/26.06.24) മറുപടി നൽകുകയുണ്ടായി. കെട്ടിടനിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി ലഭ്യമാക്കേണ്ടതും, പ്രവർത്തി പൂർത്തികരിച്ചശേഷം എസ്റ്റിമേറ്റ്, ഫൈനൽ ബിൽ, എം.ബുക്ക് ഉൾപ്പടെ എല്ലാ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനക്ഷമമാക്കൽ-കമ്പ്യൂട്ടർ ,പ്രിന്റർ ലഭ്യമായില്ല

2023-24 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ ഹെൽപ് ഡെസ്ക് പവർത്തനക്ഷമമാക്കുന്നതിന് കെൽട്രോണിൽ നിന്നും ഒരു കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിന് പദ്ധതിവിഭാവനം ചെയ്തിട്ടുണ്ട്. കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സംരംഭം തുടങ്ങുന്നതിന് സൗകര്യം ഒരുക്കികൊടുക്കുക എന്നതാണ് പദ്ധതിലക്ഷ്യം. പഞ്ചായത്ത് ഭരണ സമിതിയുടെ 15.12.23 തിയ്യതിയിലെ 1(3) തീരുമാനപ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കെൽട്രോണിന് തുകകൈമാറിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവു തുക | ബിൽ നം./ തിയതി | പ്രൊഫോർമ ഇൻവോയ്സ് നം |
|---|---|---|---|---|---|
| 1 | 96/2024 കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനക്ഷമമാക്കുന്നതിന് കംപ്യൂട്ടർ, | 81328/- വികസന ഫണ്ട് | 81328/- | 4/28.02.24 | 1)Desktop TVM/1TBG/P1/ RC/52156/23-24,തുക |

| | | | | | |
|---|---|---|---|---|---|
| | പ്രിന്റർ വാങ്ങൽ | ജനറൽ | | | **46288/-** 2)Multifuction Printer- TVM/1TBG/P1/ RC/52165/23-24,തുക **35040/-** |

മേൽ പറയും പ്രകാരം തുക നൽകിയെങ്കിലും ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.
പ്രോജക്ടിൽ വകയിരുത്തിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്ന് 12.06.24 ന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം - (13/28.03.24)

## 1-21 സുലഖാ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃ വിഹിതം ഉൾകൊള്ളിച്ചിട്ടില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ കാലിതീറ്റ സബ്സിഡി സംയുക്തം എന്ന പദ്ധതി യുമായിബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം ചെലവ് ചെയ്തത് സുലഖാ സ്റ്റേറ്റ് മെന്റിൽ ചെലവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി കാണ്ടു.

| സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം | | |
|---|---|---|
| അടങ്കൽ | ചെലവ് | യഥാർത്ഥ ചെലവ് |
| വികസന ഫണ്ട ജനറൽ- 283020/- | 283020/- | 283020/- |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം-185500/- | 185500/- | 185500/- |
| ഗുണഭോക്തൃ വിഹിതം-468520/- | 0 | 1)278720/- DD NO 444599 /11.03.24കേരള ഫീഡ്സിനു നൽകിയത് (തച്ചമ്പാറAPCOS ) 2)9490/- DD NO 4198 KCMMF LTDനു നൽകിയത്( പൊറ്റശ്ശേരി APCOS) 3)180310/-KCMMF LTDനു നൽകിയത്(പാലക്കയം APCOS) **468520/-** |
| ആകെ-937040/- | 468520/- | 937040/- |

സുലേഖാ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃ വിഹിതം ചെലവായി ഉൾപ്പെടുത്താത്തതിന് വിശദീകരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (ഓഡിറ്റ് എൻകയറി 13/28.06.24 ) കാലിതീറ്റ -ഗുണഭോക്തൃ വിഹിതം നേരിട്ടുചെലവഴിക്കുന്ന രീതിയിലാണ്പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ചെലവുകൾ ജേണൽ എൻട്രിയിട്ട് ചേർക്കേണ്ടതാണ്. യഥാർത്ഥ വരവ്, ചെലവ് എന്നിവ വ്യക്തമാക്കുന്ന വിധത്തിൽ. സുലേഖ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്.

## 1-22 ഭവന പുനരുദ്ധാരണ പദ്ധതി - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

| പ്രൊജക്ട് നം., പേര് | 72/24, വീട് പുനരുദ്ധാരണം (ജനറൽ) | 70/24, വീട് പുനരുദ്ധാരണം (എസ് സി പി) |
|---|---|---|
| അടങ്കൽ | 1290000/- രൂപ (വികസന ഫണ്ട് - 580000, ധനകാര്യ കമ്മീഷൻ അവാർഡ് - 700000, തനത് ഫണ്ട് - 10000) | 1400000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 1) ബിൽ നം. 75/13.09.2023 – 30000 രൂപ 2) ബിൽ നം. 184/08.12.2023 – | 1) ബിൽ നം. 135/09.11.2023 – 375000 രൂപ |

| | | |
|---|---|---|
| | 300000 രൂപ<br>3) ബിൽ നം. 258/30.01.2024 – 50000 രൂപ<br>4) ബിൽ നം. 334/13.03.2024 – 30000 രൂപ<br>5) ബിൽ നം. 337/14.03.2024 – 15000 രൂപ<br>6) ബിൽ നം. 391/23.03.2024 – 225000 രൂപ<br>7) ബിൽ നം. 451/24.03.2024 – 90000 രൂപ<br>8) ബിൽ നം. 452/24.03.2024 – 90000 രൂപ<br>9) ബിൽ നം. 453/24.03.2024 – 60000 രൂപ<br>10) ബിൽ നം. 451/24.03.2024 – 10000 രൂപ<br>11) ബിൽ നം. 518/27.03.2024 – 135000 രൂപ<br>ആകെ ചെലവ് - 1035000/- രൂപ (വികസന ഫണ്ട് - 580000, ധനകാര്യ കമ്മീഷൻ അവാർഡ് - 455000) | 2) ബിൽ നം. 183/08.12.2023 – 125000 രൂപ<br>3) ബിൽ നം. 243/20.01.2024 – 150000 രൂപ<br>4) ബിൽ നം. 432/24.03.2024 – 50000 രൂപ<br>5) ബിൽ നം. 437/24.03.2024 – 200000 രൂപ<br>6) ബിൽ നം. 438/24.03.2024 – 225000 രൂപ<br>ആകെ ചെലവ് - 1125000/- രൂപ (വികസന ഫണ്ട്) |
| നിർവഹണം | വി ഇ ഓ | |

വീട് പുനരുദ്ധാരണം പദ്ധതികൾ പ്രകാരം 43 ജനറൽ ഗുണഭോക്താക്കൾക്കും 28 എസ് സി ഗുണഭോക്താക്കൾക്കും വീട് വാസയോഗ്യമാക്കലിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 യിലെ ഖണ്ഡിക 6.7(4) പ്രകാരം വീട് വാസയോഗ്യമാക്കലിനായി ജനറൽ ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 100000 രൂപയും എസ് സി ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 150000 രൂപയും വകയിരുത്താവുന്നതാണ്. എന്നാൽ വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗം പദ്ധതി പ്രകാരം ഒരാൾക്ക് 30000 രൂപയും വീട് വാസയോഗ്യമാക്കൽ - എസ് സി പി പദ്ധതി പ്രകാരം ഒരാൾക്ക് 50000 രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇതുമൂലം അസി. എഞ്ചിനീയർ/ഓവർസിയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അർഹമായ തുക ഗുണഭോക്താകൾക്ക് നൽകാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| 72/24, വീട് പുനരുദ്ധാരണം (ജനറൽ) | | | |
|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | പദ്ധതി പ്രകാരം നൽകിയ തുക |
| 1 | പൊന്നു, പുനക്കലടി, വാർഡ് - 2 | 43750 | 30000 |
| 2 | രാധാകൃഷ്ണൻ, കേശവപുരത്ത്, വാർഡ് - 5 | 42560 | 30000 |
| 3 | ഉമ്മുക്കുൽസു, വാരിയതൊടി, വാർഡ് - 5 | 57000 | 30000 |
| 4 | സുലൈഖ, സൂരിയോട്, വാർഡ് - 1 | 45000 | 30000 |
| 70/24, വീട് പുനരുദ്ധാരണം (എസ് സി പി) | | | |
| 1 | ചന്ദ്രൻ, വേങ്ങശ്ശേരി, വാർഡ് - 7 | 90000 | 50000 |
| 2 | വേശ, ആനക്കച്ചോല, വാർഡ് - 13 | 63000 | 50000 |

2) താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ വീട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

| 72/24, വീട് പുനരുദ്ധാരണം (ജനറൽ) | | | |
|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
| 1 | ജാനകി, മേലേപ്പള്ളിയാലിൽ, വാർഡ് - 6 | 15000 | 16.03.2024 |
| 2 | മത്തായി മാത്യു, പുത്തൻ വീട്, വാർഡ് - 15 | 15000 | 16.03.2024 |
| 3 | അബൂബക്കർ, കറുപ്പാം വീട്ടിൽ, വാർഡ് - 6 | 15000 | 30.01.2024 |
| 4 | ചന്ദ്രിക, പൂവത്തിങ്കൽ, വാർഡ് - 11 | 15000 | 16.03.2024 |
| 5 | അഗസ്റ്റിൻ, കാരിയക്കാട്ട്, വാർഡ് - 8 | 15000 | 16.03.2024 |
| 6 | വീരാസ, മണ്ണയത്ത്, വാർഡ് - 15 | 15000 | 16.03.2024 |
| 7 | ഷൈലിന സീബി, മൂലയിൽ, വാർഡ് - 10 | 15000 | 30.03.2024 |
| 70/24, വീട് പുനരുദ്ധാരണം (എസ് സി പി) | | | |
| 1 | കാളി കുറുപ്പൻ, തൊരെങ്ങാട്, വാർഡ് - 2 | 25000 | 24.03.2024 |
| 2 | ചാമി, മുരിങ്ങേനി, വാർഡ് - 12 | 25000 | 24.03.2024 |
| 3 | ശങ്കരൻ കുട്ടി, ചൂരിയോട്, വാർഡ് - 1 | 25000 | 20.01.2024 |

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

നാളിതുവരെ വീട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും, മാർഗ്ഗരേഖ പ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 08/25.06.2024)മറുപടി നൽകിയിട്ടുണ്ട്.

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 1.4 പ്രകാരം സേവന-സാമൂഹിക-ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ/ കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുകയാണ് ധനസഹായം ലഭ്യമാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ആയതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തേണ്ടതും ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനു അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഓവർസിയർ/എഞ്ചിനീയർ മൂല്യ നിർണ്ണയത്തിന്റെയടിസ്ഥാനത്തിൽ മാത്രം അടുത്ത ഗഡു ധനസഹായം ലഭ്യമാക്കുന്നതിനു ശ്രദ്ധിക്കേണ്ടതും

പദ്ധതി ഫലപ്രദമായി നടത്തിപ്പ് മേണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 വനിതകൾക്ക് പശു വളർത്തൽ പദ്ധതി -സബ്സിഡി മാർഗരേഖ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 32/23-24<br>പശു വളർത്തൽ (വനിത) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

| | |
|---|---|
| അടങ്കൽ | 16,00,000/- (വികസന ഫണ്ട് ജനറൽ, ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 14,25,000/- |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി വനിതകൾക്ക് പശു വളർത്തൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് 50,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 25,000/- രൂപ സബ്സിഡിയും 25,000/- ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതി നടപ്പിലാക്കിയതിൽ ഗുണഭോക്താവായ ശ്രീമതി.മേഴ്സി സെബാസ്റ്റ്യൻ, തെക്കേ കണ്ടത്തിൽ നിരവ് , വാർഡ് 10 എന്നവർക്ക് പശു വാങ്ങി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രീമതി.മേഴ്സി സെബാസ്റ്റ്യൻ പശു വാങ്ങിയിരിക്കുന്നത് ശ്രീമതി.ജിന്റു സെബാസ്റ്റ്യൻ എന്നവരിൽ നിന്നുമാണ്. ഇവർ ഒരേ റേഷൻ കാർഡിൽ ഉൾപ്പെടുന്നവരും (റേഷൻ കാർഡ് നം. 1949035968) ഗുണഭോക്താവിന്റെ മകളുമാണ്. ഗുണഭോക്തൃവിഹിതം ഇനത്തിൽ അടവാക്കിയ തുകയാണ് പശുവിനെ വിറ്റയാൾക്ക് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗരേഖ പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നത് കുടുംബങ്ങൾക്കാണ്. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കേണ്ടതാണ്.

സ.ഉ (കൈ) നം. 115/2022/തസ്വഭവ തിയതി 28.05.2022 ഖണ്ഡിക 33(3) പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ/പക്ഷികളെ വാങ്ങുന്നത് അനുവദനീയമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/29.06.24) മറുപടിയായി ശ്രീമതി.ജിന്റു സെബാസ്റ്റ്യൻ വിവാഹിതയായി ഭർത്തൃഗൃഹത്തിലാണ് താമസം എന്നും റേഷൻ കാർഡിൽ പേര് മാറ്റാത്തതാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ നിർദേശ പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

**1-24 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി.**

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**Fines For Extension Of Time**

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതിരുന്ന പ്രവൃത്തികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം. , പേര് : SO 177/24- തെക്കുംപുറം ഉഴുന്നുപറമ്പ് റോഡ് റീടാറിംഗ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ റഫറൻസ് നം. 2321035202090045l953/17-8-2023- |

| | |
|---|---|
| | 473775/- (MG(R)) |
| കരാർ നം., അളവു പുസ്തകം: | 14/AE/LSGD/TPA/PKD/ 9-1-2023<br>MB No. E.M Book |
| പി.എ).സി. | 431846 |
| കരാറുകാരൻ: | ബിജു ജെ. തോമസ് |
| സ്ഥലം കൈമാറിയ തീയ്യതി. | 9-1-2023 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 8-7-2023 |
| പൂർത്തീകരിച്ച തീയ്യതി: | 1-8-2023 |
| ഈടാക്കേണ്ട പിഴ (1%) | 4318 |
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 4318 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6 മാസം അനുവദിച്ചിട്ടുള്ള ഈ പ്രവൃത്തിയിൽ കരാറുകാരൻ അപേക്ഷനൽകുിയതിന്റെ അടിസ്ഥാനത്തിൽ 24-7-2023ൽ ചേർന്ന ഭരണസമിതി മഴ കാരണം നിർമാണ പ്രവൃത്തി നീണ്ടു പോയതിനാൽ 20 ദിവസം പിഴ കൂടാതെ കാലാവധി നീട്ടിനൽകാമെന്ന് തീരുമാനം എടുത്തിട്ടുണ്ട്. 9-1-2023ന് സ്ഥലം കൈമാറിയിട്ടും പണി ആരംഭിച്ചത് 7-7-2023ൽ മാത്രമാണ്. ഇപ്രകാരം അനുവദനീയമായ കാലയളവിന്റെ അവസാനദിവസം മാത്രം പണി ആരംഭിച്ചിട്ട് പിന്നീട് മഴ കാരണം പൂർത്തീകരണം വൈകി എന്ന കാരണം അംഗീകരിക്കാനവില്ല.

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 4318രൂ. രസീതി നം. 1240600739/29-6-2024 പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് ലഭ്യമാക്കിയ മറുപടി നല്കിയിട്ടുണ്ട്. 14/28-6-2024)

## 1-25 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ചെയ്തിരിക്കുന്നു.

തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് (രൂ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 120/24 | കമ്പിക്കുന്ന് റോഡ് റീടാറിംഗ് റീ കോൺക്രീറ്റ് | 244177 | പ്രോജക്ടിന്റെ പേര് റീ കോൺക്രീറ്റ് , റീടാറിംഗ് എന്നാണെങ്കിലും പ്രവൃത്തിയിൽ പുതിയ കോൺക്രീറ്റും പുതിയ ടാറിങ്ങും ഉൾപ്പെടുന്നു. |
| 2 | 100/24 | ചൂരിയോട് ഗാന്ധി റോഡ് റീകോൺക്രീറ്റ് | 124208 | പ്രോജക്ടിന്റെ പേര് റീ കോൺക്രീറ്റ് എന്നാണെങ്കിലും പുതിയ കോൺക്രീറ്റ് 29മീറ്റർ നീളത്തിൽ ചെയ്തിരിക്കുന്നു. |
| 3 | 98/24 | ചൂരിയോട്ട് പൂഴ റോഡ് റീകോൺക്രീററ് | 163380 | പ്രോജക്ടിന്റെ പേര് റീ കോൺക്രീറ്റ് എന്നാണെങ്കിലും പുതിയ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. |
| 4 | 183/24- | ചൂരിയോട് ശ്മശാനം റോഡ് റീടാറിങ്ങ് | 1114674/- | പ്രോജക്ടിന്റെ പേര് റീടാറിംഗ് എന്നാണെങ്കിലും പ്രവൃത്തിയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പുതിയ കോൺക്രീറ്റും പുതിയ ടാറിങ്ങും ഉൾപ്പെടുന്നു. | |

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷം റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.എന്നാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ കൈമാറിയ റോഡുകളുലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമാണ പ്രവൃത്തികൾക്കും ഉപയോഗിക്കേണ്ടത്.ഇക്കാര്യങ്ങളെല്ലാം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.11.2012 ലെ നം.68228/എഫ്.എം1/2012 പ്രകാരമുള്ള സർക്കുലർ മുഖേന വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 16/28-6-2024 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ അറ്റകുറ്റപ്പണികൾ നടപ്പാക്കിയ റോഡുകളിൽ ചില ഭാഗങ്ങളിൽ മാത്രമാണ് ടാറിംഗ്, കോൺക്രീറ്റിങ്ങ് നടത്തിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-26 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.**

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, പി.ഐ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1 | 183/24- ചൂരിയോട് ശ്മശാനം റോഡ് റീടാറിങ്ങ് 1026128 ബിൽ റഫറൻസ് നം. 232103520200900283369/ 6-7-2023- 1114674/- | 30-11-2022 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 3/AE/LSGD/TPA/PKD/ 5-1-2023 ഉസ്മാൻ. വി.എം. | 10261 | 0 | 10261 |
| 2 | 171/24- ചുങ്കം മമ്പോക്ക് ചാട്ടക്കുണ്ട് തോട് സംരക്ഷണം. | 30-11-2022 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 4/AE/LSGD/TPA/PKD/ 5-1-2023 ഗോപാലകൃഷ്ണൻ | 3130 | 0 | 3130 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 312986 ബിൽ റഫറൻസ് നം. 2321035202090028 3369/26-7-2023- 366768/- | | | | | | |
| 3 | 177/24- തെക്കുംപുറം ഉഴുന്നുപറമ്പ് റോഡ് റീടാറിംഗ് 431779 ബിൽ റഫറൻസ് നം. 23210352020900451953/ 17-8-2023- 473775/- | 30-11-2022 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 14/AE/LSGD/TPA/PKD/ 9-1-2023 ബിജു ജെ. തോമസ് | 4318 | 0 | 4318 |
| 4 | 175/24- പാലക്കയം പായപ്പുല്ല് റോഡ് റീടാറിംഗ് 897573 ബിൽ റഫറൻസ് നം. 23210352020901474317/ 24-3-2024- 1023159/- | 30-11-2022 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 15/AE/LSGD/TPA/PKD/ 9-1-2023 ബിജു ജെ. തോമസ് | 8976 | 0 | 8976 |
| 5 | 179/24- ചെന്തെണ്ട് അംഗൻവാടി കുടിവെള്ള കണക്ഷൻ നൽകൽ 84547 ബിൽ റഫറൻസ് നം. 23210352020901024357/ 20-4-1-24- 20000/- ബിൽ നം. -/4-1-24- 64260/- ബിൽ നം. -/8-1-24- 15291/- | 28-3-2023 | 3-5-2023 | 2/AE/LSGD/TPA/ PKD/12-6-2024 ഷിജു ജോർജ് | 1000 | 0 | 1000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/28-6-2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമനം 5 പ്രകാരമുള്ള പ്രവൃത്തിയുടെ പിഴ ഇനത്തിലുള്ള തുക രസീതി നം. 1240600723/27-6-2024പ്രകാരം അടവാക്കിയിട്ടുണ്ട്. ക്രമ നം. 1 മുതൽ 4വരെയുള്ള പ്രവൃത്തികൾ സംബന്ധിച്ച് അസി. എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ ടെണ്ടർ അംഗീകരിച്ചതിന് ശേഷം ആയത് സ്വീകരിക്കാൻ കരാറുകാരൻ തീരുമാനിച്ച് 7ദിവസത്തിനകമോ അല്ലെങ്കിൽ Firm Period നകമോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിനുള്ളിൽ മാത്രമേ സെലക്ഷൻ നോട്ടീസ് അയക്കേണ്ടതുള്ളുവെന്നതിനാലാണ് ഇപ്രകരം സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകിയത് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ പിഴ ഇനത്തിൽ ക്രമനം 1 മുതൽ 4വരെ പ്രവൃത്തികൾക്ക് ഈടാക്കേണ്ട തുക 26685രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ' - അവലോകനം

കേരളത്തിലെ മാലിന്യ സംസ്ക്കരണ മേഖലയിൽ ഹരിത കർമ്മസേനക്ക് മികച്ച പ്രാധാന്യമുണ്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്ക്കരണ മേഖലയിൽ ശക്തമായി പ്രവർത്തിക്കുന്ന സംവിധാനമാണ് ഹരിത കർമ്മസേന. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ജൈവ, അജൈവ മാലിന്യ സംസ്ക്കരണ സംവിധാനവുമായി ബന്ധപ്പെട്ട് ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെഭാഗമായി **'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ'** എന്ന വിഷയം സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

**ഹരിത കർമ്മ സേന**

15.07.2017 ലെ സ.ഉ(സാധാ) നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലുള്ള ചൂരിയോട് എന്ന സ്ഥലത്ത് MCF പ്രവർത്തിച്ച് വരുന്നു. ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം. 07/25.06.2024) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

I) അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിത കർമ്മ സേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2020 ഫെബ്രുവരി മാസത്തിലാണ് ആരംഭിച്ചത്. ആരംഭത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ മൂന്ന് ക്ലസ്റ്ററുകളിലായി 25 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി ആകെ ആൾ താമസമുള്ള 4995 വീടുകളും 600 സ്ഥാപനവുമാണുള്ളത്. ഇതിൽ കുറച്ച് സ്ഥാപനങ്ങളും 300 ഓളം കുടുംബങ്ങളും ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത് ഇത് ഹരിത കർമ്മ സേനയുടെ വേതനം, മറ്റുചെലവുകൾ എന്നിവക്കായി ഉപയോഗിക്കുന്നു.

II) മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കി ഷെഡ്യൂൾ ചെയ്തു പ്രകാരം മാലിന്യ ശേഖരണം നടക്കുന്നു. ഒരു വാർഡിൽ മാസത്തിൽ ഒരുതവണ മാത്രമാണ് ഹരിത കർമ്മ സേനയുടെ സേവനം ലഭ്യമാക്കുന്നത്. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ പൊതു ജനങ്ങൾക്കായി ആഷാ പ്രവർത്തകർ, ഗ്രാമ പഞ്ചായത്ത് ജീവനക്കാർ, വി.ഇ.ഒ തുടങ്ങിയവരുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ കാമ്പെയിനിങ്ങുകൾ സംഘടിപ്പിച്ചിരുന്നു. തുടർന്നാണ് കൂടുതൽ സ്ഥാപനങ്ങളും വീടുകളും ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്താൻ തുടങ്ങിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ 2022-23 കാലയളവിൽ ഹരിതമിത്രം ഗാർബേജ് പദ്ധതി നടപ്പിലാക്കുകയും ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചിട്ടുമുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോളും നടന്നു വരുന്നു.

III) മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർ തിരിച്ച് ക്രമീകരിക്കുന്നത് ഭാഗികമായാണ് നടക്കുന്നത്. ഏകദേശം 50% ത്തിൽ താഴെ മാത്രമാണ് ഉറവിടത്തിൽ നിന്ന് വേർതിരിക്കുന്നത്. വീടുകളിൽ നിന്ന് ഇങ്ങനെ ശേഖരിക്കുന്നവ വാർഡുകളിലെ മിനി എം.സി.എഫിലേക്ക് കൊണ്ടു വരികയും അവിടുന്ന് വാഹനങ്ങളിൽ മെയിൻ എം.സി.എഫിലേക്ക് കൊണ്ടുപോക്കുകയുമാണ് ചെയ്യുന്നത്. അജൈവമാലിന്യങ്ങൾ തരം തിരിച്ച് പഞ്ചായത്തുമായി കരാറിലുള്ള ഗ്രീൻ വോമ്സ് എകോ സോല്യൂഷൻ എന്ന സ്ഥാപനത്തിന് കൈമാറുകയുമാണ് ചെയ്യുന്നത്. ഇത്തരം വസ്തുക്കൾ ഉണക്കി ബെയിലിംങ്ങ് ചെയ്യാനുള്ള സംവിധാനം ഉണ്ടെങ്കിലും ആയതിന്റെ കപ്പാസിറ്റി കുറവാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡിംങ്ങ് ചെയ്യാനുള്ള സംവിധാനം ഇല്ല. ഗ്രാമപഞ്ചായത്തിന്റെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തൻവർഷം ഹരിതസഹായ

സ്ഥാപനത്തിന്റെ (ഐ ആർ ടി സി, മുണ്ടൂർ) നിന്ന് സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്ളാസ്റ്റിക് ശേഖരിക്കുന്നതിലും ആയത് തരം തിരിക്കുന്നതിലും വേണ്ടത്ര വൈദഗ്ദ്യം അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

IV) റീസൈക്ളിംങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്ത്രക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ് ലെഗസി മാലിന്യം) നിന്ന് റീസൈക്കിൾ ചെയ്യാവുന്ന വസ്തക്കൾ ഏകദേശം 20% മാത്രമാണ്. അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലില്ല.

V) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിത കർമ്മ സേന പഞ്ചായത്തിന്റെ സഹകരണത്തോടെ ബോധവൽക്കരണ ക്യാമ്പെയ്നുകളും പഞ്ചായത്തിലെ 15 വാർഡുകളിലും ഡോർ ടു ഡോർ ക്യാമ്പെയ്നും നടത്തിയിട്ടുണ്ട്. ഗ്രാമ സഭകളിലും വിവിധ യോഗങ്ങളിലും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

VI) തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ 25 ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്ഥിര വരുമാനം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. യൂസർഫീ പിരിവിന്റെ അടിസ്ഥാനത്തിലാണ് പ്രിമാസം വരുമാനം ലഭിക്കുന്നത്. ഏകദേശം 7000 നും 12000 നു ഇടയിൽപ്രതിമാസ വരുമാനം ലഭിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും തൻവർഷം അനുവദിച്ചിട്ടില്ല. ഹരിത കർമ്മ സേനയുടെ പ്രധാന വരുമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിക്കുന്ന യൂസർഫീസും തരം തിരിച്ച മാലിന്യ വസ്തുക്കൾ നൽകുന്നതു വഴി ലഭിക്കുന്ന വരുമാനവുമാണ്.

VII) അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യ വികസനംസംബന്ധിച്ച് നിർദേശങ്ങളായി അവലോകനത്തിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്.

VIII) പാരിസ്ഥിതിക ആഘാതം

മാലിന്യം അനധികൃതമായി തള്ളുന്ന സംഭവങ്ങൾ, നിരോധിതപ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേന മുഖേനയും പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തിന് പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിൽ സത്വരം നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എൻഫോഴ്സ്മെന്റ്സ്കാഡുകൾ ഇത്തരത്തിലുള്ള 13 നിയമ ലംഘനങ്ങൾ കണ്ടെത്തുകയും നിയമ ലംഘകരിൽ നിന്നും തൻവർഷം ആകെ 54500 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുമുണ്ട്.

IX) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ശുചിത്വ മിഷൻ, കില, കുടുംബശ്രീ എന്നിവ മുഖാന്തിരവും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ഹരിതമിത്രം ആപ്പിന്റെ ട്രെയിനിംഗ് കെൽട്രോൺ പ്രതിനിധി നടത്തിയിട്ടുണ്ട്.

X) നിയമങ്ങൾ പാലിക്കൽ

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും പാലിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഭരണാധികാരികൾ മോണിറ്റർ ചെയ്യുന്നുണ്ട്. മിനിറ്റ്സ് ബുക്കുകൾ

വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾ ചട്ടങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. ഹരിത കർമ്മ സേനയുടെ പേരിൽ തച്ചമ്പാറ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിലാണ് (നം. 40376101047673) കളക്ട് ചെയ്യുന്ന യൂസർ ഫീസും മാലിന്യം തരംതിരിച്ച് നൽകുന്നത് വഴി ലഭിക്കുന്ന വരുമാനവും നിക്ഷേപിക്കുന്നത്. ആയതിന്റെ 10% തുക നിർത്തി ബാക്കി തുകയാണ് വേതനമായി അംഗങ്ങൾ എടുക്കുന്നത്.

XI) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിത കർമ്മ സേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2020 ഫെബ്രുവരി മാസത്തിലാണ് ആരംഭിച്ചത്. ആരംഭത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ മൂന്ന് ക്ലസ്റ്ററുകളിലായി 25 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും ആണ് യൂസർ ഫീ ഈടാക്കി വരുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ഗ്ലൗസ്, മാസ്ക്, യൂണിഫോമുകൾ, ഐഡന്റിറ്റി കാർഡുകൾ എന്നിവ ലഭ്യമാണ്. 05.05.2021 ലെ ജി.ഒ (ആർടി)നം. 949/2021/തസ്വഭവ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്. അതുപ്രകാരം പഞ്ചായത്ത് അധികൃതർ, വി.ഇ.ഒ എന്നിവർ വിലയിരുത്താറുണ്ട്. എല്ലാ മാസവും ആദ്യ ആഴ്ചയിൽ യോഗം നടത്തി പ്രവർത്തനം വിലയിരുത്തുന്നു. പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിക്കേണ്ടനടപടികൾ സംബന്ധിച്ച വിവരം ഖണ്ഡികയുടെ അവസാനം ചേർത്തിയിട്ടുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസ്ലിറ്റി (RRF) പ്രവർത്തനം**

*1) അടിസ്ഥാന വിവരങ്ങൾ*

12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലുള്ള ചൂരിയോട് എന്ന സ്ഥലത്ത് MCF പ്രവർത്തിച്ച് വരുന്നു. ഇതിന്റെ വിസ്തീർണ്ണം 30 ച.മീറ്ററാണ്. സ്ഥല പരിമിധിയാണ് ഇവിടുത്തെ പ്രധാന പ്രശ്നം. ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും എം സി എഫിലും പുറത്തുമായി കൂട്ടിയിട്ടിരിക്കുന്നു. മഴ പെയ്യുമ്പോൾ വെള്ളം എം സി എഫിലേക്ക് പരന്ന് ഒഴുക്കുന്ന അവസ്ഥയിലാണുള്ളത്. ഒരേ സമയം എല്ലാവർക്കും നിന്ന് സെഗ്രിഗേറ്റ് ചെയ്യാനുള്ള സൗകര്യം കുറവാണ്. മാലിന്യ പരിപാലനത്തിനായി ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ കപ്പാസിറ്റി കുറവാണെന്ന് ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു. പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് എം സി എഫിൽ സ്ഥാപിച്ചിട്ടില്ല. എം സി എഫുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നില്ല.

*2) മാലിന്യ കൈമാറ്റ കാര്യക്ഷമത*

വീടുകളിൽ നിന്ന് പാഴ് വസ്തുകൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നത് കലണ്ടർ അടിസ്ഥാനത്തിലാണ്. ഓരോ വാർഡിലും 2 പേർ മാത്രമാണ് ഉള്ളത് എങ്കിലും എല്ലാ അംഗങ്ങളും കൂടി മാസത്തിൽ ഒരു പ്രാവശ്യം വീതം ഓരോ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. തുടർന്ന് വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മിനി എം സി എഫുകളിൽ നിക്ഷേപിക്കുകയും വാഹനങ്ങൾ വാടകക്കെടുത്ത് എം.സി.എഫിലേക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. മുൻവർഷം മാലിന്യ ശേഖരണത്തിനായി വാങ്ങിയ വാഹനം ഉപയോഗ യോഗ്യമല്ലാത്തതാണെന്ന് ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു.

*3) മാലിന്യ സംഭരണ ശേഷി*

തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലുള്ള ചൂരിയോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന എം സി എഫിന്റെ വിസ്തീർണ്ണം 30 ച.മീറ്ററാണ്. സ്ഥല പരിമിധിയാണ്

ഇവിടുത്തെ പ്രധാന പ്രശ്നം. ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും എം സി എഫിലും പുറത്തുമായി കൂട്ടിയിട്ടിരിക്കുന്നു. മഴ പെയ്യുമ്പോൾ വെള്ളം എം സി എഫിലേക്ക് പരന്ന് ഒഴുക്കുന്ന അവസ്ഥയിലാണുള്ളത്. ഒരേ സമയം എല്ലാവർക്കും നിന്ന് സെഗ്രിഗേറ്റ് ചെയ്യാനുള്ള സൗകര്യം കുറവാണ്. കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫ് വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. തരം തിരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൽ ഷ്രഡിംഗ് ചെയ്ത് *പഞ്ചായത്തുമായി കരാറിലുള്ള ഗ്രീൻ വോമ്സ് എകോ സോല്യൂഷൻ എന്ന സ്ഥാപനത്തിന് നിശ്ചിത തുകക്ക് നൽകുന്നുണ്ട്. റിജക്ടഡ് വേയ്സ്റ്റ ം ഈ സ്ഥാപനമാണ് എടുക്കുന്നത്.*

*4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ*

മാലിന്യം കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് എം സി എഫിൽ മാലിന്യ, സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും പാലിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്ഥല പരിമിതി മൂലം ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും എം സി എഫിലും പുറത്തുമായി കൂട്ടിയിട്ടിരിക്കുന്നു. മഴ പെയ്യുമ്പോൾ വെള്ളം എം സി എഫിലേക്ക് പരന്ന് ഒഴുക്കുന്ന അവസ്ഥയിലാണുള്ളത്. ഒരേ സമയം എല്ലാവർക്കും നിന്ന് സെഗ്രിഗേറ്റ് ചെയ്യാനുള്ള സൗകര്യം കുറവാണ്.

*5) യഥാസമയം മാലിനും ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്*

09.05.2017 ലെ സ.ഉ(സാധാ)നം.1641/2017/തസ്വഭവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 29.07.2020 ലെ സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഇത്തരം പ്രവർത്തികൾ നിർവഹിക്കുന്നതിനായി *പഞ്ചായത്ത് കരാറിലേർപ്പെട്ടിരിക്കുന്നത് ഗ്രീൻ വോമ്സ് എകോ സോല്യൂഷൻ എന്ന സ്ഥാപനവുമായിട്ടാണ്.*

**ഓഡിറ്റ് നിർദ്ദേശം**

1) ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളലിൽ നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതുവരെ മഴ നനയാതെ സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ ഇല്ല. മഴ പെയ്യുമ്പോൾ വെള്ളം എം സി എഫിലേക്ക് പരന്ന് ഒഴുക്കുന്ന അവസ്ഥയിലാണുള്ളത്. ഒരേ സമയം എല്ലാവർക്കും നിന്ന് സെഗ്രിഗേറ്റ് ചെയ്യാനുള്ള സൗകര്യം കുറവാണ്. കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫ് വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

3) എം സി എഫിൽ ഫയർ ആൻ്റ് റസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4) മാലിന്യ പരിപാലനത്തിനായി ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ കപ്പാസിറ്റി കുറവാണെന്ന് ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു. കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി യന്ത്ര സാമാഗ്രിയുടെ കപ്പാസിറ്റി കൂട്ടേണ്ടതുണ്ട്.

5) യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ

രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6) എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

7) അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

8) കരാർ വ്യവസ്ഥകൾ പ്രകാരം ഹരിത സഹായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രവർത്തന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

9) ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

10) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനമൊരുക്കേണ്ടതാണ്.

11) ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുന്ന വിവരങ്ങൾ മാത്രമാണ്അറിയാൻ കഴിയുന്നത്. വീടുകൾ/ സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

12) ഓരോ മാസവും കൂടുന്ന റിവ്യൂ മിറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

13) മാലിന്യം തള്ളന്നതോ അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്യാമറ സംവിധാനങ്ങൾ, പോസ്റ്ററുകൾ എന്നിവ വയ്ക്കാവുന്നതാണ്.

14) മുൻവർഷം മാലിന്യ ശേഖരണത്തിനായി വാങ്ങിയ വാഹനം (നം. KL 50 K 6086, MAC Auto India Hydraulic Garbage) ഉപയോഗ യോഗ്യമല്ലാത്തതാണെന്ന് ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു. വിദഗ്ദരുമായി കൂടി ആലോചിച്ച് വാഹനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

15) മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഓ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

നാളിതുവരെ ബോധവൽക്കരണം നടത്തിയിട്ടും ചിലരിൽ നിന്നുള്ള സഹകരണകുറവും മോശം പെരുമാറ്റവും ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ അവരുടെ പ്രവർത്തനത്തെ യാതൊരുവിധത്തിലും ബാധിക്കാതെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതും തങ്ങളുടെ അറിവിന്റെ പരിമിതിയിൽ നിന്നുകൊണ്ട് സർക്കാർ മാർഗ്ഗ നിർദേശമനുസരിച്ച് കൃത്യമായി രജിസ്റ്ററുകൾ വൗച്ചറുകൾ, രേഖകൾ എന്നിവ പരിപാലിക്കുന്നതും അഭിമാനമർഹിക്കുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ ഇനിയും മെച്ചപ്പെടുത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 20.06.2024 മുതൽ 29.06.2024 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| | 2019-20 | 4021 | സാന്ത്വന പരിചരണ പദ്ധതി | 0 | 4021 |
| | 2019-20 | 6824 | ലൈഫ് ഭവന പദ്ധതി | 0 | 6824 |
| | 2020-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 200000 |
| | 2019-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| | 2017-18 നു മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| | 2023-24 | 34500 | സമഗ്ര നെൽകൃഷി വികസനം | 34500 | 0 |
| | 2023-24 | 299960 | സാന്ത്വന പരിചരണ പദ്ധതി | 299960 | 0 |
| | 2023-24 | 50000 | ആശ്രയ അതിദരിദ്രരുടെ പട്ടികയിൽ ഉള്ളവർക്ക് യൂസർ ഫീ നൽകൽ - സംയുക്തം | 50000 | 0 |
| | 2023-24 | 350000 | ലൈഫ് മിഷൻ ഭവന പദ്ധതി പട്ടിക ജാതി | 350000 | 0 |
| | 2023-24 | 1880000 | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ | 1880000 | 0 |
| | 2023-24 | 314430 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 314430 | 0 |
| | 2023-24 | 185500 | പാലിന് സബ്സിഡി - സംയുക്തം | 185500 | 0 |
| പാലക്കാട് ജില്ല പഞ്ചായത്ത് | 2019-20 | 10747 | ലൈഫ് ഭവന പദ്ധതി | 0 | 10747 |
| | 2022-23 | 30000 | അഗതിരഹിത കേരളം പദ്ധതിക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 30000 |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 100000 | കാലിത്തീറ്റ സബ്സിഡി സംയുക്തം | 100000 | 0 |
| ആകെ | | | | 3214390 | 482653 |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 555983 | 22099545 | 2300454 | - | 20355074 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 49523/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 3-1 | 42400 | ഗിരിപ്രസാദ് പി എൽ, സെക്രട്ടറി | 1230601891/26.09.2023 & 1230602035/06.10.2023 |
| 2021-22 | 3-1 | 1000 | ശ്രീദേവി അമ്മ പി, സെക്രട്ടറി | 12306011252/10.07.2023 |
| 2022-23 | 1-28 | 6123 | ഉസ്മാൻ വി എം, കരാറുക്കാരൻ | 1230602033/06.10.2023 |
| ആകെ | | 49523 രൂപ | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 2013-14 | ഖ. 5.1 | ജലസ്രോതസ്സുകളും കുടിവെള്ള പദ്ധതികളും (പ്രത്യേക റിപ്പോർട്ട്) വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | |
|---|---|---|
| | | പരിഗണനയിൽ |
| 2014-15 | ഖ.2-2 | വസ്തു നികുതി (സമാഹൃത റിപ്പോർട്ട് 2016-17 അനുബന്ധം-4) |
| 2015-16 | ഖ.2-1, 2-2 | തൊഴിൽ നികുതി (സമാഹൃത റിപ്പോർട്ട് 2016-17 അനുബന്ധം-5) |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഒന്നുമില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹9923232 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹30181682 |
| ആകെ | ₹40104914 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹31351450 |
| നീക്കിയിരിപ്പ് | ₹8753464 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26685 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല. | ഒന്നുമില്ല. | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഒന്നുമില്ല.

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 26685 | ശ്രീ. മുഹമ്മദ് റാഫത്ത്, അസിസ്റ്റന്റ് എഞ്ചിനിയർ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് റാഫത്ത്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 'റഫൂസ്', ചെട്ടിപ്പടി പി ഓ, നിയർ പി എച്ച് സി നെടുവ, മലപ്പുറം – 676319 |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | 9 |
| 1997-98 | LFP4/51/02/22.01.02 | 4 |
| 1998-99 | LFP9/681/04/18.08.04 | 7 |
| 1999-00 | LFP9/186/05/28.01.06 | 3 |
| 2000-01 | LFP9/180/07/14.02.08 | 7 |
| 2001-02 | LFP9/48/09/18.11.10 | 4 |
| 2002-03 | LFP9/48/09/20.12.10 | 1 |
| 2003-04 | LFP9/2180/13/30.12.13 | 3 |
| 2004-05 | LFP9/2181/13/30.12.13 | 4 |
| 2005-06 | LFP9/2182/13/30.12.13 | 4 |
| 2006-07 | LFP9/2183/13/30.12.13 | 12 |
| 2007-08 | LFP9/1797/13/13.12.13 | 7 |
| 2008-09<br>2009-10<br>2010-11 | LFP9/1722/12/ 10-10-2012 | 11 |
| 2011-12 | LFP9/308/14/21.03.14 | 10 |
| 2012-13 | LFP9/222/15/10.3.15 | 11 |
| 2013-14<br>&<br>2014-15 | നം.കെ.എസ്.എ-പികെഡി 9/ 1011/16 തീ.14-7-16 | 14 |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | 23 |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി. 9- 1745/17 തീയതി- 13.11.17 | 11 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി. 9-454/2017 തീ.21.5.2019 | 21 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി. 9-121/2020 തീ.12-5-2020 | 15 |
| 2019-20 | നം.കെ.എസ്.എ-പി.കെ.ഡി. 9/20/2022 തീ.16-02-2022 | 20 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി . 9/21/22 /22-03-2022 | 40 |
| 2021-22 | KSA-PKD-P25-2165/22 ,07.01.23 | 41 |
| 2022-23 | കെ.എസ്.എ(പി.കെ.ഡി) പി 25/1586/23, തീ. 25.11.2023 | 42 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 03-05-2024 and submitted on 14-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thachampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thachampara Grama Panchayat as on 31-03-2024

**Date: 24/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Thachampara Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. All the mandatory financial statements prescribed in accounting rules are not furnished for audit.
2. Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents in the cashflow statement.
3. Beneficiary contribution has been accounted as miscellaneous receipt.
4. Notes on account is not prepared and submitted in respect of prior period expenses and incomes

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## വാർഷിക കണക്ക്-വിവിധ പത്രികകൾ-സംക്ഷിപ്തം

1.

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4763191.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 18000.00 |
| 140000000 | Fee & User Charges | I-4 | 3005933.00 |
| 150000000 | Sale & Hire Charges | I-5 | 284846.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 136771451.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 63255.00 |
| 180000000 | Other Income | I-9 | 475210.00 |
| 190000000 | Prior Period Income | I-19 | 145724.00 |
| | **Total Income** | | **145381886.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10862283.00 |
| 220000000 | Administrative Expenses | I-11 | 1699455.00 |
| 230000000 | Operations & Maintenance | I-12 | 1842901.00 |
| 240000000 | Interest & Finance Charges | I-13 | 29035.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7140938.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 25411592.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12563701.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 42704399.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 37596300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 316134.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9845443.00 |
| | **Total Expenditure** | **150012181.00** | |
| | **Gross Surplus / Deficit of income over Expenditure** | | **-4630295.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4755019.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 21000.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | **124724.00** | |

2.

| **RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 9923232.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1052970.00 |
| 130000000 | Rental income from Panchayat Properties | RP-3 | 18000.00 |
| 140000000 | Fees & User Charges | RP-4 | 2895143.00 |
| 150000000 | Sale & Hire Charges | RP-5 | 284216.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8314200.00 |
| 171000000 | Interest Earned | RP-9 | 63255.00 |
| 190000000 | Prior Period Income | RP-11 | 13826.00 |
| 311000000 | Earmarked Funds | RP-28 | 8628.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10773405.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4805908.00 |
| 460000000 | Loans, Advances and Deposits | RP-49 | 566488.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 52726.00 |
| 330000000 | Secured Loans | RP-31 | 572083.00 |
| 340000000 | Deposits Received | RP-33 | 71328.00 |
| 350000000 | Other Liabilities | RP-35 | 689506.00 |
| | **Grand total** | | **40104914.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 73790.00 |
| 460000000 | Loans, Advances and Deposits | RP-49 | 2405718.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 417654.00 |
| 350000000 | Other Liabilities | RP-35 | 28453288.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 8659668.00 |
| Cash | Cash | RP-40(b) | 93796.00 |
| | **Grand Total** | **40104914.00** | |

3.

| BALANCE SHEET | | | |
|---|---|---|---|
| As on March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -26601207.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund | B-2 | 307422.00 |
| 312000000 | Reserves | B-3 | 117974214.00 |
| | **Total Reserve & Surplus** | | **91680429.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5779133.00 |
| | **Total Grants, Contributions for Specific Purposes** | | **5779133.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 20355074.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **20355074.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 192303.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1404440.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1596743.00** |
| | **TOTAL LIABILITIES** | | **119411379.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 477503.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1237785.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 28866003.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 94205586.00 |
| 416000000 | Accumulated Depreciation | B-11(a) | -37932301.00 |
| | **Total Fixed Assets** | | **86854576.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 236952.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19959091.00 |
| 450000000 | Cash and Bank Balance | B-17 | 8753464.00 |
| 460000000 | Loans, Advances and Deposits | B-18 | 3607296.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **32556803.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **119411379.00** |

**ഡെപ്യൂട്ടി ഡയറക്ടർ**